# 1995 ഫെബ്രുവരി സുന്നഹദോസ്

ഏതാനും വർഷങ്ങളായി അമേരിക്കാ ഭദ്രാസനത്തിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പ. സുന്നഹദോസ് പരിഹാരം കണ്ടെത്തി. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അമേരിക്കാ ഭദ്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ആയി നിയമിക്കണമെന്നും ബർന്നബാസ് മെത്രാപ്പോലീത്താ തൽസ്ഥാനത്ത് തുടരണമെന്നും തീരുമാനിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ 1995-ലെ ഫെബ്രുവരി സുന്നഹദോസ് ആണ് ഈ തീരുമാനം എടുത്തത്. ഫെബ്രുവരി മാസം 21-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച സുന്നഹദോസ് 25-ാം തീയതി ഉച്ചയ്ക്ക് 1.15-ന് അവസാനിച്ചു. സുന്നഹദോസിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷം വഹിച്ചു. ഡൽഹി മെത്രാസനത്തിലെ തിരുമേനിമാർ ഒഴികെ മൊത്തം 20 തിരുമേനിമാർ പ. സുന്നഹദോസിൽ സംബന്ധിച്ചിരുന്നു.

അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ നാലു ദിവസവും അഞ്ചാം ദിവസം ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ധ്യാനം നയിച്ചു.

ബി. ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും 1995-96-ലെ വാർഷിക ബജറ്റ് പാസാക്കി.

കഴിഞ്ഞ 15 വർഷമായി അമേരിക്കൻ മെത്രാസനത്തിൽ നിലവിലിരുന്ന എല്ലാ പ്രതിസന്ധികൾക്കും ഭിന്നതകൾക്കും ശാശ്വതമായ ഒരു പരിഹാരം അമേരിക്കയിലുള്ള അഭി. തോമസ് മാർ മക്കാറിയോസ് തിരുമേനിയും, അഭി. മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയും സമ്മതിച്ച് പ. സുന്നഹദോസിന്റെ ഏകാഭിപ്രായമായി ഒരു തീരുമാനം എടുത്തു. അതനുസരിച്ച് ഏപ്രിൽ മാസം 27-നു മുമ്പ് മാർ മക്കാറിയോസ് തിരുമേനിയും, മാർ ബർന്നബാസ് തിരുമേനിയും ചേർന്ന് അമേരിക്കയിലുള്ള പള്ളികൾ സന്ദർശിച്ചും, സംയുക്ത ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചും നിലവിലുള്ള കേസുകളും ഭിന്നതകളും അവസാനിപ്പിക്കും.

അമേരിക്കാ മെത്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ആയി തോമസ് മാർ മക്കാറിയോസ് തിരുമേനിയെ നിയമിക്കുന്നതാണ്. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കാ മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി തുടരുന്നതും മെത്രാസന ഭരണം അദ്ദേഹം മാത്രം നിർവ്വഹിക്കുന്നതും ആയിരിക്കും. പള്ളികൾ സന്ദർശിക്കുന്നതിനും അവിടെ കൂദാശകളും മറ്റ് ആത്മീയാവശ്യങ്ങളും നടത്തുന്നതിനും ഭദ്രാസന പൊതുയോഗത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനും പൊതുയോഗം ബർന്നബാസ് തിരുമേനിയും ഒന്നിച്ചു വിളിച്ചുകൂട്ടുന്നതിനും സീനിയർ മെത്രാപ്പോലീത്തായ്ക്ക് അവകാശം ഉണ്ടായിരിക്കും.

ഭവനദാന പദ്ധതിയുടെയും സമൂഹവിവാഹ പദ്ധതിയുടെയും റിപ്പോർട്ടുകൾ സുന്നഹദോസ് അംഗീകരിച്ചു. ഭവനസഹായ പദ്ധതി അനുസരിച്ച് 704 വീടുകൾക്ക് കേന്ദ്രവിഹിതമായി 2816000 രൂപായും സമൂഹ വിവാഹ പദ്ധതി അനുസരിച്ച് 156 വിവാഹങ്ങൾക്ക് 2264500 രൂപായും നൽകി.

വർദ്ധിച്ചുവരുന്ന പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങൾക്കും പാരമ്പര്യങ്ങൾക്കും എതിരായതിനാൽ ആ യോഗങ്ങളിൽ സഭാംഗങ്ങളോ വൈദികരോ സംബന്ധിക്കുന്നത് ഉത്തമമല്ലെന്നും, അതിൽനിന്ന് സഭാംഗങ്ങളെ സത്യമാർഗത്തിലേക്ക് നയിക്കുവാൻ ആവശ്യമായ നേതൃത്വം കൊടുക്കുവാൻ വൈദികരെ പ്രത്യേകം പരിശീലിപ്പിക്കണമെന്നും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അതിനാവശ്യമായ ലഘുലേഖനങ്ങളും പുസ്തകങ്ങളും പ്രിന്റ് ചെയ്ത് ഇടവകകളിൽ എത്തിക്കുക, സ്റ്റഡി ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക മുതലായ കാര്യങ്ങൾക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. ഇവയ്ക്കെല്ലാം ഉപയുക്തമാകത്തക്കവിധം ഭദ്രാസന ചുമതലയിൽ ഇടവകകൾതോറും

ഇന്റേണൽ മിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു.

കേരളത്തിന് പുറത്തു സഭാശുശ്രൂഷകളും സേവനങ്ങളും നടത്തുവാൻ കഴിവുള്ള വൈദികരേയും, മിഷൻ പ്രവർത്തകരേയും വാർത്തെടുക്കുവാൻ വേണ്ടി ഭിലായിൽ സെമിനാരി കോഴ്സു നടത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത സെമിനാരി കോട്ടയം തിയോളജിക്കൽ സെമിനാരിയുടെ ഭാഗമായും സെമിനാരിയുടെ ഒരു ഫാക്കൽറ്റി അദ്ധ്യാപകനെ എങ്കിലും അവിടേക്ക് അയയ്ക്കുന്നതിനും അഭിപ്രായമുണ്ടായി. അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കും സെമിനാരി നടത്തുക.

കേരളത്തിനു പുറത്ത് വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലുമുള്ള ആളുകളുടെ ഇടയിൽ സഭാ ശുശ്രൂഷകളും സേവനങ്ങളും വളരെ അവശ്യമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. അതിനായി വടക്കേ ഇന്ത്യയിലെ സാധുക്കളായ ആളുകളുടെ വിദ്യാഭ്യാസത്തിനും, ആരോഗ്യസംരക്ഷണത്തിനുമായി ബാലവാടികൾ, സ്കൂളുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ ഇവ സ്ഥാപിക്കുന്നതിനും തമിഴ്നാട്ടിലുള്ള തിരുനൽവേലി, ചെങ്കോട്ട എന്നീ സ്ഥലങ്ങൾ തിരുവനന്തപുരം ഭദ്രാസനത്തോടു ചേർത്ത് മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും സുന്നഹദോസ് തീരുമാനിച്ചു.

സഭയുടെ പേരിൽ പുതുതായി ആരംഭിക്കുന്നതും ആരംഭിച്ചിട്ടുള്ളതുമായ എല്ലാ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട നടപടിക്രമങ്ങൾ തീരുമാനിക്കുകയുണ്ടായി. അവയുടെ ഭരണഘടനയ്ക്കും ഭരണസമിതിക്കും കേന്ദ്രത്തിൽനിന്നും അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് മദ്യവർജ്ജന ധാർമികോന്നമന സമിതിയുടെ കേന്ദ്രസമിതിയും എക്സിക്യൂട്ടീവ് കമ്മറ്റിയും പുനഃസംഘടിപ്പിച്ചു.

പരുമല പള്ളിയിലെത്തുന്ന തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുകയും അവർക്ക് ആവശ്യമായ നേതൃത്വവും കൗൺസിലിംഗും നൽകുന്നതിനും വേണ്ട സൗകര്യം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു. അവിടെ ഓരോ മാസവും വെള്ളിയാഴ്ച ആരാധനകളിലും ധ്യാനത്തിലും യഥാക്രമം മാർ അത്താനാസിയോസ്, മാർ പക്കോമിയോസ്, മാർ ഒസ്താത്തിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാർ സംബന്ധിക്കുന്നതാണ്.

സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രസിഡണ്ടുമാരുടെ കാലാവധി 3 വർഷം എന്നത് അഞ്ചു വർഷമായി വർദ്ധിപ്പിച്ചു. സ്ത്രീസമാജം, ബാലികാസമാജം ഇവയുടെ പ്രസിഡന്റായി മാർ പക്കോമിയോസ് തിരുമേനിയെ നിയമിച്ചു.

എം.ഒ.സി. പബ്ലിക്കേഷൻസ്, ദിവ്യബോധനം, സെന്റ് തോമസ് വാലി സൊസൈറ്റി, അട്ടപ്പാടി സൊസൈറ്റി ഓഫ് ദി മിഷനറീസ് ഓഫ് സെന്റ് തോമസ് മലബാർ ഭദ്രാസനം, സെന്റ് ജോർജ്ജ് മിഷൻ ട്രസ്റ്റ് എന്നിവകളുടെ ഭരണഘടന അംഗീകരിച്ചു. ഇറ്റാർസിയിലെ ബാലികാമന്ദിരത്തിന്റെ ഭരണഘടന അംഗീകരിക്കുകയും, ഫാ. ഏബ്രഹാം ഉമ്മൻ നാഗപ്പൂർ, വെ. റവ. പി. എം. തോമസ് റമ്പാൻ, വി. സി. ഫിലിപ്പ് ഭോപ്പാൽ എന്നിവരെ കമ്മറ്റി അംഗങ്ങളായി സുന്നഹദോസ് നോമിനേറ്റ് ചെയ്യുകയും ചെയ്തു.

കാതോലിക്കേറ്റ് ആൻഡ് എം. ഡി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളിന്റെ ഇപ്പോൾ നിലവിലിരിക്കുന്ന അഡ്വൈസറി ബോർഡിന് പകരം എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുവാനും കാര്യക്ഷമമാക്കുവാനുമായി ഒരു ഗവേർണിംഗ് ബോർഡിന്റെ ഭരണഘടന കെ.ഇ.ആറിനു വിധേയമായി അംഗീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാസൗകുമാര്യത്തിലും വിശ്വാസത്തിലും ആകൃഷ്ടനായി കുറെ നാളുകളായി വൈദിക സെമിനാരിയിൽ താമസിച്ചു വരികയായിരുന്ന ആന്ധ്രാക്കാരൻ ഫാ. ജോണിനെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരേയും സഭയോടു ചേർത്ത് ഒരു ഇടവകയായി കൊണ്ടുപോകുവാൻ മദ്രാസ് മെത്രാസനാധിപൻ സഖറിയാസ്

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

പള്ളികളിൽ ആരാധനാസമയത്ത് മ്യൂസിക്കൽ ഇൻസ്ട്രമെന്റ്സ് ഉപയോഗിച്ചുള്ള ക്വയർ ഗ്രൂപ്പുകൾ, ആരാധനയുടെ ഭക്തിയും സൗന്ദര്യവും നഷ്ടപ്പെടുത്തുന്നതിനാൽ, അതു പാടില്ലെന്നും എന്നാൽ ക്വയറിൽ ഓർഗൻ/ഹാർമ്മോണിയം മാത്രം ശ്രുതി കൊടുക്കുവാൻ ഉപയോഗിച്ച് ആരാധന എല്ലാവരേയും പങ്കെടുപ്പിക്കത്തക്കവണ്ണമുള്ള ഗാനങ്ങളും ട്യൂണും ഉപയോഗിക്കാം എന്നും തീരുമാനിച്ചു.

(മലങ്കര സഭാ മാസിക, 1995 മാർച്ച്)